വിദ്യാർത്ഥി സമരത്തിലുണ്ടായ അനിഷ്ടസംഭവങ്ങൾ

39 (3782) ശ്രീ. എൻ. ശക്തൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-7-2003-ൽ നടന്ന വിദ്യാർത്ഥി സമരത്തിൽ എന്തെല്ലാം അനിഷ്ട സംഭവങ്ങളുണ്ടായെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി എന്തു നാശനഷ്ടമുണ്ടായി ;

(സി) ഈ ഗവൺമെന്റ് അധികാരമേറ്റതുമുതൽ ഇതുവരെ നടന്ന വിദ്യാർത്ഥിസമരങ്ങളിൽ ഒട്ടാകെ എന്തു തുകയ്ക്കുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ഡി) സമരങ്ങളോടനുബന്ധിച്ച് ജീവനാശം, ദേഹോപദ്രവം ഏൽപ്പിക്കൽ, വസ്തുവകകൾക്ക് നാശമുണ്ടാക്കൽ എന്നിവ സംഭവിക്കാതിരിക്കുന്നതിനായി രാഷ്ട്രീയ നായകന്മാർ, തൊഴിലാളി നേതാക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി ഒരു സമവായം ഉണ്ടാക്കാൻ ശ്രമിക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഏകദേശം 90,500 രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) 19,80,226 രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

വ്യാജമദ്യത്തിനെതിരെ പ്രതികരിച്ചതിന്റെ പേരിൽ ദേഹോപദ്രവം ചെയ്ത സംഭവങ്ങൾ

40 (3785) ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജമദ്യത്തിനെതിരെ പ്രതികരിച്ചതിന്റെ പേരിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര പേരെ ദേഹോപദ്രവം ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly